# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2285/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 01/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2285/22 തീയ്യതി: 01/12/2022

## കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 02-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 02-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി.പി.ആർ. ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷാജിമോൻ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിജി ജോർജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| മുഹമ്മദ് റഖീബ്.റ്റി.എസ് | സെക്രട്ടറി | 01-04-2021 | 09-07-2021 |
| രാജേഷ് കുമാർ.ആർ | സെക്രട്ടറി | 10-07-2021 | 25-02-2022 |
| ബിൻസി ചെറിയാൻ | സെക്രട്ടറി | 25-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നോബി ഐസക് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ഷീജാബീവി.പി.എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 28-11-2021 |
| പ്രിൻസ് ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 29-11-2021 | 31-03-2022 |
| സുഭാഷ്.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഓമന.എം.ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അനുകുമാരൻ | ഡയറി എക്സ്റ്റഷൻ ഓഫീസർ | 01-04-2021 | 31-01-2022 |
| രേവതികുട്ടി.കെ.ആർ | ഡയറി എക്സ്റ്റഷൻ ഓഫീസർ | 01-02-2022 | 31-03-2022 |
| ഡോ.ഹരികുമാർ | ആയുർവ്വേദ ഡോക്ടർ | 01-04-2021 | 31-03-2022 |
| ഡോ.പ്രീതി.എ.ദാമോദരൻ | വെറ്ററനറി ഡോക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ജിസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| റ്റോമിൻ ജോർജ് | വി.ഇ.ഒ | 01-04-2021 | 08-10-2021 |
| സിയാദ്.വി.എ | വി.ഇ.ഒ | 09-10-2021 | 31-03-2022 |
| ആദർശ്.എസ്.പി | അസി.എഞ്ചിനീയർ | 01-04-2021 | 09-04-2021 |
| ജയപ്രകാശ്.ആർ | അസി.എഞ്ചിനീയർ | 10-04-2021 | 20-06-2021 |
| കണ്ണൻ പി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജയപ്രകാശ് പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 21-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-11 |
| 12 | വസ്തു നികുതി | 1-12 |
| 13 | തൊഴിൽ നികുതി | 1-13 |
| 14 | ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 15 | മഴക്കാലപൂർവ്വ ശുചീകരണം-അധിക തുക ചെലവഴിച്ചു. | 1-15 |
| 16 | വാഹനത്തിന് ഇന്ധനം നിറയ്ക്കൽ -അപാകതകൾ | 1-16 |
| 17 | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) -അപാകതകൾ | 1-17 |
| 18 | റിംഗ് കമ്പോസ്റ്റ് പ്രോജക്ട്- ബിൽ /വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-18 |
| 19 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-19 |
| 20 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-20 |
| 21 | കൃഷി ഓഫീസർ-പദ്ധതി നിർവ്വഹണരേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി | 1-22 |
| 23 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ് നിർമ്മാണം | 1-23 |
| 24 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. | 1-24 |
| 25 | തിടനാട് ടൗൺ പൊതു ടോയ്ലെറ്റ് മെയിന്റനൻസ്- അപാകതകൾ | 1-25 |
| 26 | എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകി | 1-26 |
| 27 | ആശ്രയ പദ്ധതിയ്ക്ക് അനുവദിച്ച പ്ലാൻ ഫണ്ട് വിഹിതം ചെലവഴിക്കാത്തത് | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മഴക്കാലപൂർവ്വ ശുചീകരണം-അധിക തുക ചെലവഴിച്ചു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22.02.2021 തീയതിയിലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30/03/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (കൂടുതൽ) | വ്യത്യാസം (കുറവ്) |
|---|---|---|---|---|
| മുന്നിരിപ്പ് | 10323956 | 7681275 | | 2642681 |
| വരവ് | 124580000 | 70885728 | | 53694272 |
| ആകെ | 134903956 | 78567003 | | 56336953 |
| ചെലവ് | 122098000 | 62023235 | | 60074765 |
| നീക്കിയിരിപ്പ് | 12805956 | 16543768 | 3737812 | |

### 1-2 വാർഷിക ധനകാര്യ പത്രിക

2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011 ലെ ജി.ഒ (എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകളിൽ പൂർണമായ രേഖപ്പെടുത്തലുകളില്ല.

5) B-18 ഷെഡ്യൂളിലെ ‘Advance To Others’- 460509901 എന്ന അക്കൗണ്ട് ഹെഡിലെ തുകയായ 82149 രൂപയിൽ തൻവർഷം പാലിയേറ്റീവ് നഴ്സിന്റെ ശമ്പളം ഇനത്തിൽ നൽകിയ 18030/- രൂപ കുറച്ച് ബാക്കിയുള്ള 64119 രൂപ ഏതിനത്തിലുള്ളതാണ് എന്ന വിവരം ലഭ്യമല്ല. ആയത് വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.

6) B-18 ഷെഡ്യൂളിലെ ‘Advance To Implementing Agencies- Deposit With Ground Water Department’-460500204 എന്ന അക്കൗണ്ട് ഹെഡിലെ തുകയായ 796657 രൂപ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതാണോ എന്ന് വ്യക്തതയില്ലാത്തതിനാൽ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.

7) B-18 ഷെഡ്യൂളിലെ ‘Advance To Implementing Agencies- Deposit With Kerala Electricity Board’-460500202 എന്ന അക്കൗണ്ട് ഹെഡിലെ തുകയായ 6113341 രൂപയിൽ തൻ വർഷം ഒടുക്കിയ 428902 രൂപ കുറച്ച് 5684439 രൂപ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതാണോ എന്ന് വ്യക്തതയില്ലാത്തതിനാൽ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

8) B-18 ഷെഡ്യൂളിലെ ‘Advance To Implementing Officers’ എന്ന അക്കൗണ്ട് ഹെഡിലെ തുകയായ 100340 രൂപ 2016-17 ൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് പാലിയേറ്റീവ് കെയർ, എൻ.എച്ച്.എം സ്റ്റാഫ് ഹോണറേറിയത്തിനായി നൽകിയ തുകകളായാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

9) B-18 ഷെഡ്യൂളിലെ എന്ന അക്കൗണ്ട് ഹെഡിലെ തുകയായ 34620/- 2013-14 മുതൽ 2018-19 വരെ വിവിധ ചെലവുകൾക്കായി നൽകിയ തുകകൾ ക്രമീകരിക്കാതെയോ റീക്ലപ്പ് ചെയ്യാതെയോ അവശേഷിക്കുന്നവയാണ്.

10) B-4 ഷെഡ്യൂളിലെ Centrally Sponsored Scheme- Western Ghat Development Scheme (WGDP) എന്ന ഹെഡിൽ 407,106 രൂപ അവശേഷിക്കുന്നു. 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 190/21 എന്ന പ്രൊജക്ട് പ്രകാരം 396052 തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

11) B-5 ഷെഡ്യൂൾ പ്രകാരം സെക്യുവേർഡ് ലോൺ 23397258 രൂപയും, B-16 Prepaid Programe Expence 23037258 രൂപയുമാണ്. ഇത് പ്രകാരം തൻവർഷ ലോൺ വരവ് 360000 രൂപയാണ്. തൻ വർഷ ചെലവ് 160000 രൂപയാണ്. ലോൺ പിൻവലിച്ചതിൽ 200000 രൂപ തൻവർഷം ചെലവഴിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7681275 |
| വരവ് | 70885728 |
| ആകെ | 78567003 |
| ചെലവ് | 62023235 |
| നീക്കിയിരിപ്പ് | 16543768 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14276000 | 14276000 | 14262793 | 13207 | 99.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2892000 | 2892000 | 2640691 | 251309 | 91.31 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 257000 | 257000 | 257000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11703000 | 11703000 | 11097614 | 605386 | 94.82 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5436567 | 5436567 | 3632653 | 1803914 | 66.81 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 2856325 | 2856325 | 1295298 | 1561027 | 45.34 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 6287142 | 6287142 | 1098628 | 5188514 | 17.47 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 3430 | 18408349 | 18411779 | 18408539 | 3240 | 99.98 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 323747 | 452982 | 776729 | 791719 | -14990 | - |
| ശുചിത്വമിഷൻ ഗ്രാന്റ് | 243774 | 1203006 | 1446780 | 1291780 | 155000 | 89.28 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 3436638/-രൂപ, 92824/-രൂപ 15872/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 236/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 264000 | വികസനഫണ്ട് പൊതുവിഭാഗം |
| 239/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 1255305 | വികസനഫണ്ട് പൊതുവിഭാഗം |
| 246/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 1041333 | വികസനഫണ്ട് പൊതുവിഭാഗം |
| 227/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 292000 | വികസനഫണ്ട് പൊതുവിഭാഗം |
| 228/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 292000 | വികസനഫണ്ട് പൊതുവിഭാഗം |
| 229/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 292000 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 3436638 | |
| 233/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 29333 | എസ്.സി.പി. |
| 234/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 29333 | എസ്.സി.പി. |
| 235/22 ലൈഫ് മിഷൻ വായ്പ മുതൽ | 34158 | എസ്.സി.പി. |

| | | |
|---|---|---|
| തിരിച്ചടവ് ( എസ്.സി.പി. ) | | |
| ആകെ | 92824 | |
| 231/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 7333 | |
| 232/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 8539 | |
| ആകെ | 15872 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 39,567/- രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 15.01.2021 ലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 22.1.2021 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 7.2.2021 മുതൽ 14.2.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 19.2.2021ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. വികലാംഗ ഗ്രാമസഭ 4.2.2021 ലും ഊരുകൂട്ടം 8.2.2021 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 20.2.2021ലെ I(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.3.2022 ലെ 81898/21/DPC/ DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 164 | 98457041 | 125 | 43026794 | 39 | 75.6 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്കുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്കുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1747886 | 7 | 1321386 |
| വെറ്റിനറി സർജൻ | 5 | 2608000 | 5 | 2608000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 1675866 | 4 | 1675866 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 500000 | 1 | 500000 |
| വി.ഇ.ഒ | 18 | 50419338 | 12 | 9440700 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6390498 | 7 | 4371542 |
| സെക്രട്ടറി | 44 | 12668918 | 27 | 7630787 |
| അസിസ്റ്റന്റ് എൻജിനീയർ | 59 | 18943437 | 48 | 13084376 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 984000 | 1 | 242391 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1442474 | 3 | 1081479 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 1070624 | 10 | 1070267 |
| ആകെ | 164 | 98457041 | 125 | 43026794 |

2673816 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 2673816/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 14276000 | 14262793 | 13207 |
| വികസന ഫണ്ട് (എസ്.സി.പി) | 2892000 | 2640691 | 251309 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 11703000 | 11097614 | 605386 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5436567 | 3632653 | 1803914 |
| ആകെ | | | 2673816 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിന് 26 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, സംരക്ഷണ ഗ്രാന്റ് റോഡ് എന്നീ വിഭാഗങ്ങളിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

. നിക്ഷേപ പ്രവൃത്തികൾ - മുൻ വർഷങ്ങളിലേതുൾപ്പെടെ 69 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 6909998/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി

ബോർഡിൽ നിക്ഷേപിച്ച 6113341/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 796657/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 153 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 162 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 162 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 162 പ്രവൃത്തികളും പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 184.08 ലക്ഷം രൂപ. 46669 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 221 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 143 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 932 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തികൾ, തോട് ആഴം കൂട്ടി വൃത്തിയാക്കൽ, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 3430 | 584301 | 587731 | 584491 | 3240 |
| ഇ.എഫ്.എം.എസ് | 0 | 17824048 | 17824048 | 17824048 | 0 |
| ആകെ | 3430 | 18408349 | 18411779 | 18408539 | 3240 |

## 1-7 സാമൂഹ്യക്ഷേമ പെൻഷനുകൾ

2021-22 വർഷം തിടനാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17400 | 11 |
| വാർദ്ധക്യകാലപെൻഷൻ | 29166000 | 1880 |
| കർഷകതൊഴിലാളി പെൻഷൻ | 2059200 | 118 |
| വിധവാപെൻഷൻ | 8476200 | 543 |

| | | |
|---|---|---|
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 736000 | 47 |
| വികലാംഗപെൻഷൻ | 3748600 | 234 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 25.10.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6558/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയാണ് വിനിമയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. 1.4.2022 മുതൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.5.2018 | 2017-18 | LBA(HQ)II/1 /8A-54 /2018-19/78 തീയതി 10.7.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 1.9.21-6.9.21 | 2020-21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ രസീത് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) രണ്ടാം വാർഡിൽ ശ്രീ.രഞ്ജിത് ജി., ഈന്തുംമൂട്ടിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 212-ാം നമ്പർ കെട്ടിടത്തിന്റെ 2021-22 വർഷത്തെ നികുതി 42 രൂപ 25.03.2022 ൽ 13440/34 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. രസീത് പ്രകാരം പിരിച്ച തുകകളുടെ ഒടുക്ക് സംബന്ധമായ പരിശോധന നടത്തിയതിൽ ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/01.11.22ന് ലഭ്യമാക്കിയ മറുപടിയിൽ ക്യാമ്പ് കളക്ഷനിൽ ഈടാക്കിയ വസ്തു നികുതി ഫ്രണ്ട് ഓഫീസിൽ നേരിട്ട് ഒടുക്കിയിരുന്നു എന്നും ഒറിജിനൽ രസീത് ഹാജരാക്കി തുക തിരികെ വാങ്ങാൻ ഉടമ

വരാത്തതിനാലാണ് തുക ഒടുക്കാതിരുന്നത് എന്നും അറിയിച്ചു. മാത്രമല്ല തുക 01.11.22 ൽ പ്രസ്തുത കെട്ടിടത്തിന്റെ 2022-23 വർഷത്തെ നികുതി ഇനത്തിൽ വരവ് വച്ചതായും അറിയിച്ചു. ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2)ലൈബ്രറി രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ വിതരണം ചെയ്യുന്നു. മാത്രമല്ല പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത് ബുക്കിനും, രസീതുകൾക്കും നമ്പർ രേഖപ്പെടുത്തിയിട്ടില്ല. രസീത് ബുക്കിലെ ലീഫുകളിൽ ഒറിജിനൽ ലീഫിൽ ലൈബ്രേറിയൻ നമ്പർ രേഖപ്പെടുത്തി രസീത് ബുക്കിൽ സൂക്ഷിക്കുന്നു. തുക ഒടുക്കുന്ന ആൾക്ക് നൽകുന്ന പകർപ്പിൽ നമ്പർ രേഖപ്പെടുത്തുന്നില്ല. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) ആംബുലൻസ് വാടക ഇനത്തിൽ പിരിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കുന്നില്ല എന്ന് കാണുന്നു. 03.04.2021 മുതൽ 22.04.21 വരെയുള്ള പിരിവ് തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് 23.04.2021 ലാണ്. 07.05.2021 മുതൽ 30.05.21 വരെയുള്ള പിരിവ് തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് 31.05.2021 ലാണ്. 12.10.2021 മുതൽ 30.10.21 വരെയുള്ള പിരിവ് തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് 06.11.2021 ൽ മാത്രമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വസ്തു നികുതി നിർണ്ണയത്തിൽ ചില അപാകതകൾ കണ്ടെത്തി. വസ്തു നികുതി നിർണ്ണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും, തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലും ഏർപ്പെടുത്തേണ്ട നികുതി വർദ്ധനവ് ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാർഡ് X-ൽ 340/ I നമ്പരിലുള്ള ശ്രീ. ചെറിയാൻ പൈലി, കോലത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം കാഞ്ഞിരപ്പള്ളി-ഈരാറ്റുപേട്ട റോഡ് സൈഡിലാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത റോഡ് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡാണ്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെട്ടിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/01.11.22ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ചതായി അറിയിച്ചു. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി നിർണ്ണയം നടത്തിയതിൽ സമാന അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

ബി) വാർഡ് X-ൽ 340/B നമ്പരിലുള്ള ശ്രീമതി ലൈസാമ്മ ജോർജ്, തോട്ടുപുറത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവകൊണ്ടാണ് എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെട്ടിട്ടില്ല.

സി) വാർഡ് X-ൽ 340/A നമ്പരിലുള്ള ശ്രീ. എബിൻ ബാബു, പനച്ചിക്കവയലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവകൊണ്ടാണ് എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെട്ടിട്ടില്ല. അപാകതകൾ സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഐ.കെ.എം.നോട് ആവശ്യപ്പെടുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വസ്തു നികുതി സംബന്ധിച്ചുണ്ടാകുന്ന ഏതൊരു നഷ്ടവും തുടർ വർഷങ്ങളിലും ഉണ്ടാകുന്നതിനാൽ

ഇത്തരത്തിലുള്ള അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ച് കണ്ടെത്തി പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി

എ) ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെട്ടിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ്- തിടനാട് മഹാദേവ ക്ഷേത്രം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | തിരുവിതാംകൂർ ദേവസ്വം ബോർഡ് വട്ടക്കാവ് ദേവീ ക്ഷേത്രം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | പെട്രോൾ പമ്പ്, പിണ്ണാക്കനാട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/31.10.2022-ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെട്ടിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പെട്രോൾ പമ്പ്, പിണ്ണാക്കനാട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | മാവേലിസ്റ്റോർ | രണ്ടാം അർദ്ധവർഷം |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/2021-22/31.10.2022ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ തിടനാട് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും

ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 208 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം 805 ആണെന്നിരിക്കെ പഞ്ചായത്തിൽ നിന്നും 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും (208) തമ്മിൽ താരതമ്യം ചെയ്താൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ മൂന്നിരട്ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാം. ലൈൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനം മൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വൻ വരുമാനനഷ്ടം സംഭവിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-15 മഴക്കാലപൂർവ്വ ശുചീകരണം-അധിക തുക ചെലവഴിച്ചു.

വൗച്ചർ നമ്പർ 22100919/7.02.22 പ്രകാരം 15000 രൂപ വാർഡ് രണ്ടിൽ ശുചീകരണപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. മസ്റ്റർറോൾ പ്രകാരം 15 തൊഴിലാളികൾക്ക് രണ്ട് ദിവസം 350 രൂപ വീതം (ഒരാൾക്ക് 700) ആകെ 10500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചർ പ്രകാരം 15000 രൂപയാണ് പിൻവലിച്ചിട്ടുള്ളത്. 4500/- രൂപ അധികമായി പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/31.10.2022) നൽകിയിരുന്നുവെങ്കിലും ആയതിന് ലഭിച്ച മറുപടിയോടൊപ്പം ഹാജരാക്കിയ മസ്റ്റർ റോൾ ഉത്തരവാദിയായ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ടി സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 4500/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വാഹനത്തിന് ഇന്ധനം നിറയ്ക്കൽ -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി വാഹനത്തിന് ഇന്ധനം വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് അടിസ്ഥാനമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ 22100632/13.10.21 പ്രകാരം KL35 E 5733 എന്ന വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ 16000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ടെസ്റ്റിംഗിന് നൽകിയപ്പോൾ പകരം വന്ന വാഹനത്തിന് ഡീസൽ അടിച്ചതിന് ചെലവഴിച്ചതാണ് എന്നുള്ള വിവരമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി വാഹന ഉപയോഗം സംബന്ധിച്ച് ട്രിപ്പ് ഷീറ്റ്, ഡ്രൈവറുടെ അപേക്ഷ, വാഹനം ഉപയോഗിച്ച ജീവനക്കാരുടെ സാക്ഷ്യപത്രം ഉൾപ്പെടെ യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/27.10.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇന്ധനം വാങ്ങലിനായി ചെലവഴിച്ച 16000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) -അപാകതകൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 89/22 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) പ്രോജക്ടിനായി വികസനഫണ്ട് എസ്.സി.പി വിഹിതത്തിൽ നിന്നും 750000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരം അഡ്വാൻസ് 62500/- രൂപ കൈപ്പറ്റിയതിൽ മൂന്ന് ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A ) ബീന അജോ, കുളത്തുങ്കൽ, വാർഡ്- 10

B) എൻ.കെ.നന്ദഗോപാൽ , നീരൊഴുക്കിൽ കണ്ണംകുളത്ത്, വാർഡ്- 9

C) സാബു.കെ. കൊച്ചുപുരയ്ക്കൽ, വാർഡ്- 3

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/31.10.2022ന് ലഭ്യമാക്കിയ മറുപടിയിൽ സാബു കെ. കൊച്ചുപുരയ്ക്കൽ എന്ന ഗുണഭോക്താവ് പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു 2022-23ൽ വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മറ്റ് രണ്ട് ഗുണഭോക്താക്കളും ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങിയിട്ടില്ല. ആയതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 125000/- (62500x2/Billno. 22/15.2.22) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഫയൽ പരിശോധിച്ചതിൽ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങിയ ശ്രീ.കുട്ടപ്പൻ കെ.പി., എന്ന ഗുണഭോക്താവിന്റെ ഫയലിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വിശദമായ മൂല്യനിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതിന് പകരം മുൻപ് നൽകിയ എസ്റ്റിമേറ്റിൽ ഡീറ്റെയിൽഡ് വാല്യുവേഷൻ എസ്റ്റിമേറ്റ് എന്ന് രേഖപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതിന്ശേഷം മൂല്യനിർണ്ണയം നടത്താതെ ഇപ്രകാരം സർട്ടിഫിക്കറ്റ് നൽകിയതിനും, ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/2021-22/31.10.2022ന് ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപ് എടുത്ത എസ്റ്റിമേറ്റ് തിരുത്തി മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് എന്ന് രേഖപ്പെടുത്തി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിലുള്ള 125000/- (ബിൽ നമ്പർ 22-21-22/15.2.22, ബിൽ നമ്പർ 32-21-22/23.3.22) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 റിംഗ് കമ്പോസ്റ്റ് പ്രോജക്ട്- ബിൽ /വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 166/22 റിംഗ് കമ്പോസ്റ്റ് എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 583500/- രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 148750/- രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 220250/- രൂപയും ഉൾപ്പെടെ തൻവർഷം ആകെ 952500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 306/27.03.22 പ്രകാരം 30 എണ്ണം ലഭ്യമായതിന്റേയും, പ്രൊഫോർമ ഇൻവോയിസ് നമ്പർ 308/27.03.22 പ്രകാരം 17 എണ്ണം ലഭ്യമായതിന്റേയും വിവരം മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ സോഷ്യോ എക്കണോമിക് യൂണിറ്റിൽ നിന്നും ഒരു റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 2500/- രൂപ നിരക്കിൽ 881 റിംഗ് കമ്പോസ്റ്റുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ ലഭ്യമായതിന്റേയും, സ്റ്റോക്ക് വിതരണ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ 220250/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/2021-22/31.10.2022 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഗുണഭോക്തൃ വിഹിതം കുടുംബശ്രീ മുഖാന്തിരം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കി. എന്നാൽ സോഷ്യോ എക്കണോമിക് യൂണിറ്റിൽ നിന്നുള്ള ബിൽ, പ്രോജക്ട് പൂർത്തീകരിച്ചു എന്ന സാക്ഷ്യപത്രം, സ്റ്റോക്ക്/വിതരണ വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക 9,52,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകളും സുരക്ഷാ ഉപകരണങ്ങളും, കൂടാതെ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുകളും വാങ്ങുന്നതിനായി വിവിധ ബില്ലുകളിലായി കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോം കോ), കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി പണം നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | ബിൽ നം. | തുക | അക്കൗണ്ട് നം | ഇൻവോയിസ് നം. | അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | അലോപ്പതി മരുന്നുകൾ | | | | | |
| 1 | 118/21-22 | 4/21-22 08.07.21 | 75000 | 3624001800000019 | പി.ആർ.എഫ് 1020 | 27,814/- |
| 2 | 118/21-22 | 4/21-22 08.07.21 | 25000/- | 3624001800000019 | പി.ആർ.എഫ് 512 | 7132/- |
| 3 | 52/21-22 | 9/21-22-19.11.21 | 150000/- | 3624001800000019 | പി.ആർ.എഫ് 3268 | 1887/- |
| 4 | 52/21-22 | 14/21-22 28.02.22 | 701866/- | 3624001800000019 | പി.ആർ.എഫ് 6026 | 1,34,469/- |
| | ആകെ | | | | | 1,71,302/- |
| | ഹോമിയോ മരുന്നുകൾ | | | | | |
| 1 | 51/21-22 | 3/21-22 | 1,50,000 | 34306403911 | പി.എഫ് 129-2/07/21 | 81000/- |
| 2 | 51/21-22 | 17/21-22 | 50,000 | 34306403911 | പി.എഫ് 1616-24/03/22 | 50,000/- |
| | ആകെ | | | | | 1,31,000/- |

ആകെ 1,71,302/- + 1,31,000/- = 3,02,302/- രൂപയുടെ മരുന്നുകൾ പൂർണ്ണമായി ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. പ്രോജക്ടിന്റെ പേര് | ബിൽ/ചെക്ക് നം / തീയതി | തുക |
|---|---|---|---|
| 1 | 165/21-22പഞ്ചായത്തിലെ 14 വാർഡുകളിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 8/21-22 13.07.21<br>210002/19.01.22 | 324000/-<br>6400/- |
| 2 | 164/21-22സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 6 | 7/21-22 13.07.21 | 104902/- |

| | | | |
|---|---|---|---|
| 3 | 33/21-22വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2401521/27.02.22-37780/- 2401501/2 /02/22-14032/- | 51812/- |
| | ആകെ | | 4,87,114/- |

വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 4,87,114/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പ് നം.4/29.10.2022-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കൃഷി ഓഫീസർ-പദ്ധതി നിർവ്വഹണരേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ

2021-22 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ പദ്ധതി നിർവ്വഹണരേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ പേര് | ബിൽ/ചെക്ക് നം / തീയതി | ആകെ പദ്ധതി ചെലവ് |
|---|---|---|---|
| 1 | 71/21-22സുഭിക്ഷകേരളം സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 4/21-22-27.11.21-70100/- 5/21-22-6.12.21-68800 /-10/21-22-25.1.22-79600 /-15/21-22-30.3.22-24300/- 16/21-22-30.3.22-33426/- 174000/-ബ്ളോക്ക് വിഹിതം വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 276226/- |
| 2 | 58/21-22കേടായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കൽ | 1/21-22-19.11.21-38000/- 2/21-22-19.11.21-31000/- 6/21-22-13.12.21-71000/- 9/21-22-13.1.22-48000/- 14/21-22-10.3.22-30000/- 17/21-2230.3.22-22000/- 210032 31.03.22 1500/- 210048 31.03.22 10500/- | 252000/- |
| 3 | 62/21-22ജൈവവളവിതരണം | 8/21-22-13.1.22- 251690/- 210033-31.3.22-3950/- 210045-31.03.22-85360/- | 341000/- |
| | ആകെ | | 8,69,226/- |

പദ്ധതി നിർവ്വഹണരേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1.നിർവ്വഹണോദ്യോഗസ്ഥൻ ബിൽ ബുക്കിൽ പദ്ധതി വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2 സുഭിക്ഷകേരളം സ്ഥിരം കൃഷിക്ക് കൂലിച്ചെലവ്, സബ്സിഡി വിശദാംശങ്ങൾ എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3 കേടായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കൽ വിശദാംശങ്ങൾ എല്ലാ അപേക്ഷകളിലും പരിശോധനാവിധേയമാക്കി ഫീൽഡ് റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണരേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

1-22 ലൈഫ് ഭവനപദ്ധതി

എ) ലൈഫ് ഭവനപദ്ധതി പ്രകാരം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ച ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1) തങ്കമ്മ കരുണാകരൻ, ചേലക്കാട് ( ആകെ നൽകിയ തുക 360000/- രൂപ അവസാനം തുക നൽകിയ തീയതി 24.6.19)

2) ലൂക്കോസ് എം.സി. മരുതുങ്കൽ (ആകെ നൽകിയ തുക 200000/- രൂപ, അവസാനം തുക നൽകിയ തീയതി 7.1.19) അഡ്വാൻസ് നൽകിയ 40000/- രൂപ ഉപയോഗിച്ച് തറ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ ലിന്റൽ ലവൽ വരെ പൂർത്തീകരിക്കുന്നതിനായാണ് 7.1.19 ൽ 160000/-രൂപ അനുവദിച്ചത്. എന്നാൽ ഗുണഭോക്താവ് നാളിതുവരെ തുടർ പ്രവൃത്തികൾ നടത്തിയിട്ടില്ല.

3) അജികുമാർ റ്റി.ജെ, താന്നിക്കൽ (ആകെ നൽകിയ തുക 300000/- രൂപ അവസാനം തുക നൽകിയ തീയതി 16.3.20)

മേൽ പ്രസ്താവിച്ചതിൽ അജികുമാർ റ്റി.ജെ., താന്നിക്കൽ എന്ന ഗുണഭോക്താവ് ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ച് 16.3.20 ൽ 100000/- രൂപ വാങ്ങിയിട്ടുണ്ട് എങ്കിലും പിന്നീട് യാതൊരു പ്രവൃത്തികളും നടത്തിയിട്ടില്ല. മുൻപ് കൈപ്പറ്റിയ 200000/- രൂപ ലിന്റൽ ലവൽ വരെ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചതാണ്. 16.3.20ൽ കൈപ്പറ്റിയ 100000/- രൂപ ഉപയോഗിച്ച് ഗുണഭോക്താവ് റൂഫ് വാർക്ക നടത്തേണ്ടിയിരുന്നു. ആയത് നാളിതുവരെ പൂർത്തീകരിക്കാതെ ചെയ്ത പ്രവൃത്തികൾ മഴയും വെയിലുമേറ്റ് നശിച്ചനിലയിൽ കിടക്കുന്നത് വി.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കാണപ്പെട്ടു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22/ 31.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തങ്കമ്മ കരുണാകരൻ എന്ന ഗുണഭോക്താവ് മരണപ്പെട്ടുപോയി എന്നും, മക്കൾ തമ്മിൽ അവകാശത്തർക്കം നിലനിൽക്കുന്നതിനാലാണ് അവസാന ഗഡു അനുവദിക്കാത്തത് എന്നറിയിച്ചു. ലൂക്കോസ് എം.സി. മരുതുങ്കൽ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ വാങ്ങിയ തുക തിരിച്ചടയ്ക്കുകയോ വേണമെന്ന് ആവശ്യപ്പെട്ട് 26.7.2019 ൽ കത്ത് നൽകിയതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാതൊരു തുടർ നടപടികളും സ്വീകരിക്കാതിരുന്നതും ഇക്കാലയളവിലെ വി.ഇ.ഒ മാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി വിലയിരുത്താവുന്നതാണ്.

തങ്കമ്മ കരുണാകരൻ എന്ന ഗുണഭോക്താവിന്റെ മക്കൾ തമ്മിലുള്ള അവകാശത്തർക്കം പരിഹരിക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു നൽകേണ്ടതാണ്. ലൂക്കോസ്.എം.സി. മരുതുങ്കൽ, അജികുമാർ.റ്റി.ജെ, താന്നിക്കൽഎന്നീ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ, അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ലൈഫ് പ്രോജക്ടിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെ.എം.ശശി,കീരിയാനിക്കൽ,

2) കുഞ്ഞമ്മതൊമ്മൻ, പുൽപ്പാറയിൽ

3) പൊന്നമ്മ ശശി, കളരിക്കൽ

മേൽ പ്രസ്താവിച്ചതിൽ കെ.എം.ശശി, കീരിയാനിക്കൽ എന്ന ഗുണഭോക്താവിന് സ്ഥലം വാങ്ങിയ ഫയൽ പരിശോധിച്ചതിൽ ടിയാൾ ആറ് വർഷമായി തലപ്പുലം ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ 302 നമ്പരായുള്ള കീരിയാനിക്കൽ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്നതാണ് എന്ന് വാർഡ് മെമ്പർ ശ്രീമതി ദേവയാനി സി.എ നൽകിയ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ, തലപ്പുലം വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഹാജരാക്കാതെ ആനുകൂല്യം അനുവദിച്ചതായി കാണുന്നു. മേൽ അപാകതയ്ക്ക് ഗുണഭോക്താവ് വർഷങ്ങളായി വാടകയ്ക്ക് താമസിക്കുന്ന സ്ഥലത്തുനിന്നും ഒരു സാക്ഷ്യപത്രം ലഭിക്കുകയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വാടകയ്ക്ക് താമസിക്കുന്ന ആൾക്ക് പ്രസ്തുത വിവരം കാണിക്കുന്ന സാക്ഷ്യപത്രം പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നതാണ്. പ്രസ്തുത സ്ഥലത്തെ വില്ലേജ് ഓഫീസിൽ നിന്നും ടി വില്ലേജിൽ സ്വന്തമായി സ്ഥലം ഇല്ല എന്നുള്ള സാക്ഷ്യപത്രം വാങ്ങി പരിശോധിക്കേണ്ടതായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22/31.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മേൽ പ്രസ്താവിച്ച മൂന്ന് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാതിരുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ലൈഫ് ഭവന പദ്ധതിക്കായി ലോൺ അക്കൗണ്ടിൽ നിന്നും തൻവർഷം പിൻവലിച്ച 360000/- രൂപയിൽ 160000/- രൂപ മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മറ്റ് ഫണ്ടുകളിലും വകയിരുത്തിയ തുകയിൽ ചെലവഴിക്കാത്ത തുക ഉണ്ടായിരുന്നു. മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം

വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 210/22 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം എന്ന പ്രോജക്ടിനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 216000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 18 ഗുണഭോക്താക്കൾക്കായി 12000/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, പ്രോജക്ട് പ്രകാരം ടോയ്‌ലെറ്റിന് 12000/- രൂപ വീതം അനുവദിച്ചപ്പോൾ പല ഗുണഭോക്താക്കളും ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിരുന്നില്ല. സുജാത തങ്കച്ചൻ പീലിയാനിക്കൽ എന്ന ഗുണഭോക്താവ് നാളിതുവരെ ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ലൈഫ് ഭവന നിർമ്മാണ പ്രോജക്ടിൽ ടോയ്‌ലെറ്റ് ഉൾപ്പെടുന്നതാണ് എന്നിരിക്കെ ഗുണഭോക്താവ് ഭവന നിർമ്മാണത്തോടൊപ്പം ടോയ്‌ലെറ്റ് നിർമ്മിക്കുമോ എന്ന് വ്യക്തമാകുന്നതിന് മുൻപേ ഇപ്രകാരം ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31.10.2022-ന് ലഭ്യമാക്കിയ മറുപടിയിൽ ആനുകൂല്യം നൽകിയവരിൽ ഭൂരിഭാഗവും വീട് നിർമ്മാണം അവസാനഘട്ടത്തിൽ ഉള്ളവരായിരുന്നു എന്നാണ് അറിയിച്ചത്. ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയാണ് എങ്കിൽ എല്ലാ ഗുണഭോക്താക്കൾക്കും അതിന് അർഹതയുള്ളതാണ്. ചില ആളുകൾക്ക് മാത്രമായി അധിക ധനസഹായം അനുവദിക്കുന്നതും, ഗുണഭോക്താവ് ഭവന നിർമ്മാണത്തോടൊപ്പം ടോയ്‌ലെറ്റ് നിർമ്മിക്കുമോ എന്ന് വ്യക്തമാകുന്നതിന് മുൻപേ ഇപ്രകാരം ആനുകൂല്യം അനുവദിക്കുന്നതും തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുന്നതിന് ഇടയാക്കുന്നതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ടോയ്‌ലെറ്റ് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിക്കാത്ത സാഹചര്യത്തിൽ, ലൈഫ് ഭവനപദ്ധതിയിൽ ഒരു വീട് നിർമ്മിക്കുന്നതിനുള്ള അടങ്കൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ആവശ്യമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

1-24 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120105 "Sale Of Empties And Waste Materials" എന്ന ശീർഷകത്തിൽ 116014 രൂപ വരവുണ്ട്. ഇത് 2021-22 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1/26.10.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും ഉൾപ്പടെയുള്ള 116014/- രൂപ അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 തിടനാട് ടൗൺ പൊതു ടോയ്‌ലെറ്റ് മെയിന്റനൻസ്- അപാകതകൾ

പ്രോജക്ട് നം. 151/22
അടങ്കൽ- 250000 രൂപ ( 210000 – കേന്ദ്രാവിഷ്കൃതവിഹിതം + 40000- സംസ്ഥാനാവിഷ്കൃതം )
ചെലവ്- 165930 രൂപ [1,60,002/- രൂപ കരാറുകാരന്റെ അക്കൗണ്ടിലേയ്ക്ക് 23.03.2022ൽ ട്രാൻസ്ഫർ ചെയ്തു (അക്കൗണ്ട് നം. 10463385035/എസ്.ബി.ഐ)]
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം തിടനാട് ടൗൺ പൊതു ടോയ്‌ലെറ്റ് മെയിന്റനൻസ് നടത്തുന്നതിന് ഏറ്റെടുത്തതാണ് മേൽ പ്രോജക്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 28(1)-ാം ഇനമായി സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ സ്ഥാപിച്ചതിന് 27832 രൂപയും 28(4)-ാം ഇനമായി 1 HP സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിച്ചതിന് 8482 രൂപയും മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 29.10.2022 ൽ എൻജിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഇൻസിനിറേറ്റർ സ്ഥാപിച്ച ടോയ്‌ലെറ്റ് താഴിട്ട് പൂട്ടിയിരിക്കുന്ന അവസ്ഥയിലും 1 HP സബ്മേഴ്സിബിൾ പമ്പ് സെറ്റ് നദിയിൽ സ്ഥാപിച്ചിരിക്കുന്നതായും കാണപ്പെട്ടു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 20/1.11.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പദ്ധതി പൂർത്തീകരിച്ച് സ്ഥലം സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും തുടർ നടത്തിപ്പ് സംബന്ധിച്ച് സെക്രട്ടറിയുമായി സംസാരിച്ച് പരിഹരിക്കുന്നതാണെന്നും അറിയിച്ചു. നദിയിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടോർ റിംഗ് ഇറക്കി സംരക്ഷിക്കുന്നതിന് വരും വർഷങ്ങളിൽ പ്രോജക്ട് തയറാക്കുന്നതിന് ഭരണസമിതിയ്ക്ക് ശുപാർശ നൽകുന്നതാണെന്നും അറിയിച്ചു. മെയിന്റനൻസ് പ്രവൃത്തിയിലെ അപാകതകൾ പരിഹരിച്ച് പൊതു ടോയ്‌ലെറ്റ് ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 165930/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകി

പ്രോജക്ട് നം. 157/22
ചെമ്മലമറ്റം- വാര്യാനിക്കാട് റോഡിൽ പാലത്തിന് സമീപം തോടിന് സംരക്ഷണഭിത്തിയും പാലത്തിന് കൈവരി നിർമ്മാണവും (വാർഡ് 7)
അടങ്കൽ- 99100 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡ് )
ചെലവ്- 8350 രൂപ ( ബിൽ നം. 15/21-22/ 11.2.2022 )

തിടനാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിൽ നിന്നും 400000 രൂപ വകയിരുത്തി ഏറ്റെടുത്തതാണ് മേൽ പ്രവൃത്തി. 2020-21 ൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 300900 രൂപ ചെലവുണ്ട് (ബിൽ നം. 89/20-21/31.3.2021). ചെമ്മലമറ്റം - വാര്യാനിക്കാട് റോഡിൽ പാലത്തിന് സമീപമുള്ള പഞ്ചായത്ത് വക ഭൂമിയുടെ സൈഡിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും വെള്ളപ്പൊക്കത്തിൽ തടികളും മറ്റ് പാഴ്‌വസ്തുക്കളും ഒഴുകിയെത്തി പാലത്തിന്റെ കൈവരിയിൽ തങ്ങി നിന്ന് നീരൊഴുക്ക് തടസ്സപ്പെട്ടുതുമൂലം തകർന്ന കൈവരി പുനർ നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 399807 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ കൈവരിക്ക് 71132 രൂപയും സംരക്ഷണഭിത്തിക്ക് 285839 രൂപയും ജി.എസ്.റ്റി പ്രൊവിഷനായി 42836 രൂപയുമാണ് വകയിരുത്തിയിരുന്നത്. 2020-21 ൽ സംരക്ഷണഭിത്തിയുടെ വിയറിംഗ്കോട്ട് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കി 300900 രൂപയുടെ ഒന്നാം പാർട്ട് ബിൽ നൽകിയിരുന്നു. സംരക്ഷണഭിത്തിയുടെ വിയറിംഗ്കോട്ട് ചെയ്യുന്നതിനും കൈവരി പുനർ നിർമ്മാണത്തിനുമായാണ് 99100 രൂപ വകയിരുത്തി 2021-22 ൽ പ്രോജക്ട് ഏറ്റെടുത്തത്. എന്നാൽ വിയറിംഗ്കോട്ട് ചെയ്ത് സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുകയാണ് ചെയ്തിട്ടുള്ളത്. കൈവരി നിർമ്മാണം ഉപേക്ഷിച്ചതായും കാണുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകിയത് ക്രമപ്രകാരമല്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 19/01.11.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പഞ്ചായത്ത് വക ഭൂമി പാർക്കായി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവൃത്തികളായിട്ടാണ് മേൽ പ്രവൃത്തി ഏറ്റെടുത്തതെന്നും എന്നാൽ വർഷകാലത്ത് ടി സ്ഥലത്ത് വെള്ളം കേറുന്ന അവസ്ഥ ഉള്ളതിനാൽ ടി പദ്ധതി ഉപേക്ഷിച്ചെന്നും പി.ഡബ്ല്യു.ഡി റോഡിലെ പാലത്തിന്റെ കൈവരികൾ പുനർ നിർമ്മിക്കുന്നത് പഞ്ചായത്തിന് ചെയ്യാൻ സാധിക്കാത്തതിനാലാണ് കൈവരി നിർമ്മിക്കാതെ ഫൈനൽ ബിൽ നൽകിയതെന്നും അറിയിച്ചു. ആവശ്യമായ സാധ്യതാപഠനം നടത്താതെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് മൂലമാണ് പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കാതെ വരുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യമായ സാധ്യതാപഠനം നടത്തിയതിനും ശേഷം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-27 ആശ്രയ പദ്ധതിയ്ക്ക് അനുവദിച്ച പ്ലാൻ ഫണ്ട് വിഹിതം ചെലവഴിക്കാത്തത്

ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി ഒന്നാം ഘട്ട പദ്ധതിയ്ക്കായി പദ്ധതിവിഹിതത്തിൽ നിന്നും 2003-04 വർഷം അനുവദിച്ച 912000 രൂപയിൽ ബാക്കി നിന്നിരുന്ന 500645 രൂപ അഗതിരഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് 29.12.2018 ൽ മാറ്റിയിരുന്നു. ഇതിൽ നിന്നും 21.01.2019, 11.08.2022 തീയതികളിൽ ഭവനപുനരുദ്ധാരണത്തിനായി രണ്ട് ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം അനുവദിച്ചു. നീക്കിയിരുപ്പുള്ള 400645 രൂപയോട് കൂടി പലിശ ക്രെഡിറ്റ് ചെയ്തതുൾപ്പെടെ 6.10.2022 ൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 424766 രൂപയാണ്. പദ്ധതിവിഹിതത്തിൽ നിന്നും 2003-04ൽ അനുവദിച്ച തുക നാളിതുവരെ പൂർണ്ണമായി വിനിയോഗിക്കാത്തത് ഉചിതമല്ല. ആയത് ഇനിയും വിനിയോഗിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഴക്കാലപൂർവ്വ ശുചീകരണം-അധിക തുക ചെലവഴിച്ചു.

വൗച്ചർ നമ്പർ 22100919/7.02.22 പ്രകാരം 15000 രൂപ വാർഡ് രണ്ടിൽ ശുചീകരണപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. മസ്റ്റർറോൾ പ്രകാരം 15 തൊഴിലാളികൾക്ക് രണ്ട് ദിവസം 350 രൂപ വീതം (ഒരാൾക്ക് 700) ആകെ 10500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചർ പ്രകാരം 15000 രൂപയാണ് പിൻവലിച്ചിട്ടുള്ളത്. 4500/- രൂപ അധികമായി പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/31.10.2022) നൽകിയിരുന്നുവെങ്കിലും ആയതിന് ലഭിച്ച മറുപടിയോടൊപ്പം ഹാജരാക്കിയ മസ്റ്റർ റോൾ ഉത്തരവാദിയായ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ടി സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 4500/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 31.10.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 100000 | പാലിയേറ്റീവ് കെയർ വേതനവും അനുബന്ധ ചെലവുകളും | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 640000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 640000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 278400 | ലൈഫ് ഭവനപദ്ധതി (എസ്.സി.) | 278400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 480000 | അമ്പലം വാരണത്തുപുരയിടം റോഡ് കോൺക്രീറ്റിംഗ് | 480000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2021-22 | 174000 | സുഭിക്ഷകേരളം സ്ഥിരം കൃഷിയ്ക്ക് കൂലിച്ചെലവ് | 174000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2021-22 | 524519 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 524519 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2021-22 | 925000 | ലൈഫ് ഭവനപദ്ധതി (എസ്.സി.) | 925000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2021-22 | 137000 | ലൈഫ് ഭവനപദ്ധതി (എസ്.റ്റി) | 137000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2021-22 | 191969 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 191969 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2021-22 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2401501/2.2.22<br>2401521/27.2.22 | 14032<br>37780 | - | 51812 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ- വാർഡ് 6 | 7/21-22/ 13.7.21 | 104902 | - | 104902 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ 14 വാർഡുകളിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 8/21-22/13.7.21<br>210002/19.1.22 | 324000<br>8400 | - | 330400 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | | 360000 | 25706592 | 2669334 | - | 23397258 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 480/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2002-03 | | 480 | ഹെഡ്മാസ്റ്റർ, ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ | 121010103251/03.03.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 10(b) | 2003-04 | പേജ് 63 | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50000 രൂപ മുൻകൂർ നൽകി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് / സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,85,67,003 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,20,23,235 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,46,544 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 4,500 | രാജേഷ് കുമാർ ആർ., സെക്രട്ടറി |
| ആകെ | | 4,500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 16,000 | രാജേഷ് കുമാർ ആർ., സെക്രട്ടറി |
| 1-17 | 1,25,000 | സിയാദ് വി.എ., വി.ഇ.ഒ. |
| 1-18 | 9,52,500 | സിയാദ് വി.എ., വി.ഇ.ഒ. |
| 1-20 | 4,28,902 | മുഹമ്മദ് റഷീബ് റ്റി.എസ്., സെക്രട്ടറി |

| | | |
|---|---|---|
| | 6,400 | രാജേഷ് കുമാർ ആർ., സെക്രട്ടറി |
| | 51,812 | ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-25 | 1,65,930 | ജയപ്രകാശ് പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 17,46,544 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ് കുമാർ ആർ., സെക്രട്ടറി | സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | രജനി നിവാസ്, മുരന്തൽ, പെരിനാട് പി.ഒ., കൊല്ലം - 691601 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 ചെലവ് | കെഎസ്എ.കെടിഎം.പി.14-1672(1)/2021/ 12.04.2022 | 2 |
| 99-2000 ചെലവ് | കെഎസ്എ.കെടിഎം.പി.14-1672(2)/21/ 16.05.22 | 2 |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | 3 |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി.3/914/07/20.4.09/ 12.6.09 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി.3/919/07/20.4.09 | |
| 2001-02 | എൽ.എഫ്.കെ.പി.3/918/07/20.4.09 | |
| 2007-08 | എൽ.എഫ്.കെ.പി.2/344/12/8.5.12 | |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 891/2022 /05.08.22 | 6 |
| 2009-10 | എൽ.എഫ്.കെ.പി.2/445/11/8.2.13 | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817/13/3.12.13 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/892/22/ 05.08.2022 | 3 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 1162/22 /05.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 1160/22 /5.8.2022 | 2 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/442(എ)/19 25.06.2019 | 7 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14-890/2022/ 26.08.2022 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/1161/ 22/ 31.08.22 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/1012/19/ 10.02.2020 | 11 |
| 2019-20 | കെഎസ്എ.കെ.ടി.എം.പി.14/1596/21/ 20.07.22 | 9 |
| 2020-21 | കെഎസ്എ.കെ.ടി.എം.പി.14/1597/21/ 08.08.22 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകു പ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്